കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# വെളിയം ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2015 - 16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
e-mail :doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.-കെ.എൽ.എം പി7- 1849 /16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
സീനിയർ ഡപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം
കൊല്ലം
തീയതി – 04 / 02 / 2017.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വെളിയം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വെളിയം ഗ്രാമപഞ്ചായത്ത് - 2015-2016 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെളിയം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തിലെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ 2-1 ഖണ്ഡികയിലേയ്ക്കും ഭാഗം 3 ലെ 3-1 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997

കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.-കെ.എൽ.എം പി7- 1849 /16 തിയ്യതി : 04.02.2017

## കൊല്ലം ജില്ലയിലെ വെളിയം ഗ്രാമപഞ്ചായത്തിന്റെ 2015-2016 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കൊല്ലം ജില്ലയിലെ വെളിയം ഗ്രാമപഞ്ചായത്തിന്റെ 2015-2016 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2016 മുതൽ 09.11.2016. തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ശ്രീമതി . ഗീത. എം. ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 9.11.2016 മുതൽ 17.11.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.കെ.പി.മാത്യൂ റോയി | ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്) |
| | ശ്രീമതി.ശ്രീകുമാരി.റ്റി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.മനു.കെ.നായർ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.വിഷ്ണുപ്രിയ.കെ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | അഡ്വ.ബി.സനൽ കുമാർ | 01.04.2015 മുതൽ 31.10.2015 വരെ |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി.(ശ്രീ. രഞ്ജിത്ത്.എസ് , കൃഷി ഓഫീസർ, ശ്രീമതി. ലീജി തോമസ്. ഐ.സി.ഡി.എസ്. സൂപ്പർവൈസർ, ശ്രീ. ബിനുൻ വാഹിദ് , സെക്രട്ടറി | 1.11.2015 മുതൽ 18.11.2015 വരെ |
| | ശ്രീമതി. ഷൈല സലിം ലാൽ | 19.11.2015 മുതൽ 31.3.2016 വരെ |
| സെക്രട്ടറി | ശ്രീ.ബി.അജയകുമാർ | 01.04.2015മുതൽ 22.07.2015 വരെ |
| | ശ്രീ.എം.ആർ.ഷെരീഫ് | 23.07.2015 മുതൽ 24.08.2015 വരെ |
| | ശ്രീ. റ്റി. ജയചന്ദ്രൻ നായർ(ഇൻ – ചാർജ്ജ് | 25.08.2015മുതൽ 31.08.15വരെ |
| | ശ്രീ. ബിനുൻ വാഹിദ് | 01.09.2015 മുതൽ 31.03..2016 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.എൻജിനിയർ (LSGD) | ശ്രീ. കെ.ജയകുമാർ | 01.04.2015 മുതൽ 15.05.2015 വരെ |
| | ശ്രീമതി.രജനി.എസ് | 16.05.2015 മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ | ശ്രീ.രഞ്ജിത്ത്.എസ് | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ | ഡോ. ജ്യോതിലാൽ | 1.04.2015 മുതൽ 14.06.2015വരെ |

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| (പി.എച്ച്.സി) | ഡോ.ദിവ്യ ശശി | 15.06.2015മുതൽ 31.03.2016വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ.റീന ശാന്തം | 01.04.2015മുതൽ 31.03.2016 വരെ |
| ശിശു വികസന പദ്ധതി സൂപ്പർ വൈസർ | ശ്രീമതി.ലീജി തോമസ് | 01.04.2015 മുതൽ 31.03.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ .ബിന്ദു മാത്യൂ | 01.04.2015 മുതൽ 31.03.2016 വരെ |
| ഹെഡ് മിസ് ട്രസ് | ശ്രീമതി. ശ്യാമളകുമാരി | 01.04.2015 മുതൽ 07.06.2015 വരെ |
| | ശ്രീമതി.ലളിത കുമാരി.ജി | 8.06.2015 മുതൽ 31.03.2016 വരെ |
| വി.ഇ.ഒ ഓടനാവട്ടം | ശ്രീമതി.സുമ.ഐ.വി<br>ശ്രീ.ബിനീഷ്.കെ (ചാർജ്) | 01.04.2015മുതൽ 30.09.2015വരെ<br>1.10.2015 മുതൽ 31.03.2016വരെ |
| വി.ഇ.ഒ, വെളിയം | ശ്രീ.ബിനീഷ് .കെ | 01.04.2015 മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. വിജയകുമാർ | 01.04.2015 മുതൽ 24.07.2015വരെ |
| | ശ്രീ. റ്റി. ജയചന്ദ്രൻ നായർ | 25.08.2015 മുതൽ 31.03.2016വരെ (25.07.2015 മുതൽ 24.08.2015 വരെ ചാർജ് വഹിച്ച അസിസ്റ്റന്റ് സെക്രട്ടറിയുടെ പേര് ലഭ്യമാക്കിയിട്ടില്ല) |

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| | | |

## ഉള്ളടക്കം



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |
| 12 | സാംഖ്യാ രസീതുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല | 2-1 | |
| 13 | തൊഴിൽ നികുതി | 2-2 | |
| 14 | ഡി ആന്റ് ഒ ലൈസൻസ് ഫീസ് ഈടാക്കുന്നില്ല | 2-3 | |
| 15 | അനധികൃത നിർമ്മാണം | 2-4 | |

| | | | |
|---|---|---|---|
| | ഭാഗം 3 | | |
| 16 | വിടരും മുൻപേ വാടിയ മരുതിമല ഇക്കോ ടൂറിസം പദ്ധതി | | |
| 17 | അധിക അളവ് രേഖപ്പെടുത്തി തുക വസൂലാക്കി | | |
| 18 | ക്വട്ടേഷൻ ക്ഷണിക്കാതെ പ്രിൻറ് ചെയ്തു | 3-3 | |
| 19 | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ - വിനിയോഗ രേഖ ഹാജരാക്കിയില്ല -117147/- രൂപ തടസ്സപ്പെടുത്തുന്നു | 3-4 | |
| 20 | എസ്.എസ്.എ.വിഹിതം വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 3-5 | |
| 21 | ഐ.എ.വൈ-വിഹിതം നൽകൽ - വിനിയോഗ രേഖ ഹാജരാക്കിയില്ല. | 3-6 | |
| 22 | മീഡിയാശ്രീ - വിനിയോഗരേഖ ഹാജരാക്കിയില്ല | 3-7 | |
| 23 | പൊതുടാപ്പുകൾക്ക് വെള്ളകരം ഒടുക്ക് -സംയുക്ത പരിശോധന നടത്തുന്നില്ല | 3-8 | |
| 24 | പെർഫോർമൻസ് ഓഡിറ്റ് നവീകരണം - വിനിയോഗസാക്ഷ്യപത്രം ഇല്ല | 3-9 | |
| 25 | തെരുവുവിളക്കുകളുടെ കറൻറ് ചാർജ്ജ് | 3-10 | |
| 26 | പഞ്ചായത്ത് കെട്ടിടങ്ങൾക്ക് കറൻറ് ചാർജ്ജ് ഒടുക്കൽ - കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശം ലഭ്യമല്ല. | 3-11 | |
| 27 | ഗുണഭോക്തൃ വിഹിതമിനത്തിൽ അധികം പിരിച്ചെടുത്ത തുക തിരികെ നല്കിയില്ല | 3-12 | |
| 28 | ആശ്രയ പദ്ധതി | 3-13 | |

| | | | |
|---|---|---|---|
| | ഭാഗം 4 | | |
| 29 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 30 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 32 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 33 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 34 | ഓഡിറ്റ് റിക്കവറി | 4-6 | |
| 35 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-8. | |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| 38 | അനുബന്ധം ഓഡിറ്റ് സാക്ഷ്യപത്രം | | |


## ഭാഗം 1

### പൊതു അവലോകനം

### 1-1. ബജറ്റ്

2015-16 വർഷത്തെ പുതുക്കിയ ബജറ്റ് 26.3.2015 തീയതിയിലെ പ്രത്യേക കമ്മിറ്റി തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യ പത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2. വാർഷിക ധനകാര്യ പത്രിക.

| | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 31/07/2016 | 07/6/2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ / തീയതി |
|---|---|---|
| 2015-16 | 17.11.2016 | കെ.എസ്.എ.കെ. എൽ .എം പി 7/1849 /16 ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധമായി ചേർത്തിട്ടുണ്ട്. |

വാർഷിക ധനകാര്യ പത്രികയിലെ ന്യൂനതകൾ

1. എല്ലാ ആസ്തികളുടേയും മൂല്യം ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2. സ്റ്റോക്കിന്റെ മൂല്യം ഉൾപ്പെടുത്തി സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ സ്റ്റോക്കിന്റെ കൃത്യത വ്യക്തമല്ല.

3.ബഡ്ജറ്റ് ഫംഗ്ഷൻ - ഫംഗ്ഷനറി അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ല.

4. പിരിഞ്ഞു കിട്ടാനുള്ള / ലഭിക്കാനുള്ള തുകകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 23330627 |
| വരവ് | 48855521 |
| ആകെ | 72186148 |

| | |
|---|---|
| ചെലവ് | 61084622 |
| നീക്കിയിരിപ്പ് | 11101526 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 894245 | 12724880 | 13619125 | 13619125 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 2966283 | 3708314 | 6674597 | 6674597 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 9000 | (-9000) | 0 | 0 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 87173 | 6374543 | 6461716 | 6461716 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1493642 | 2849974 | 4343616 | 4343616 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1684931 | 4651655 | 6336586 | 6336586 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 3939834 | 1284723 | 3621391 | 3621391 | 0 | 100 |
| എം.എൻ.ആർ.ഇ.ജി.എസ്. (EFMS - 14238465) | 2114 | 14711304 | 14713418 | 14711808 | 1610 | 99 |
| ബി ഫണ്ട് | - | 105345 | 105345 | 105345 | - | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 177 | 92168934 | 140 | 46745840 | 20 | 17 | 50.71 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 9.54 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 4891225 | 2612621 | (-)2278604 | |

| | | | | |
|---|---|---|---|---|
| നികുതിയേതര വരവുകൾ | 1563005 | 1611154 | (+)48149 | |
| മറ്റു വരവുകൾ | 9198252 | 9934480 | (+)736238 | |
| ആകെ | 15652482 | 14158255 | (-)1494227 | (-)9.54 |

## 1-8 ക്ഷേമ പദ്ധതികൾ

തൻ വർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1225800 | 345 |
| കർഷകതൊഴിലാളി പെൻഷൻ | 1308060 | 182 |
| വിധവാ പെൻഷൻ | 14678320 | 1628 |
| വാർദ്ധക്യകാല പെൻഷൻ | 9364560 | 1797 |
| വികലാംഗ പെൻഷൻ | 3705355 | 407 |
| അവിവാഹിത പെൻഷൻ | 393480 | 44 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 360000 | 12 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.11.2016 തീയതിയിൽ 10.15. am ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ കളക്ഷൻ 2120/- രൂപയും ഡേ ബുക്ക് പ്രകാരം 2116 /- രൂപയും ആണ് കണ്ടത് (നാലു രൂപ കൂടുതലുള്ളതായി കണ്ടു).

## 1-10 ആഭ്യന്തര നിയന്ത്രണം.

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം വേണ്ടത്ര കാര്യക്ഷമമായി

കാണുന്നില്ല. രസീതുകൾ സൂക്ഷിക്കുന്നതിലും പരിശോധനയ്ക്ക് ഹാജരാക്കുന്നതിലും വീഴ്ച സംഭവിച്ചിട്ടുണ്ട്.

തനത് വരവുകൾ യഥാവിധി നിർണയിക്കുന്നതിലും ഈടാക്കുന്നതിലും വീഴ്ചവരുത്തുന്നു.തൊഴിൽ നികുതി സ്ലാബ് അനുസരിച്ച് ഈടാക്കുന്നില്ല. അനധികൃത നിർമ്മാണങ്ങൾക്കെതിരെ യഥാസമയം നടപടി സ്വീകരിക്കുന്നില്ല.ആസ്തികൾ സംരംക്ഷിക്കുന്നതിലും വീഴ്ച വരുത്തിയിട്ടുണ്ട്.

## **1-11** മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.06.2016 | 4/2016 | 1.8.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.9.2012 | 2007 -08 മുതൽ 2011-2012 വരെ | 11.12.2012 |

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## **2-1** സാംഖ്യാ രസീതുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

1) താഴെ പറയുന്ന നമ്പരുകളിലുള്ള സാംഖ്യാ രസീതുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| സ്റ്റേഷനറി നമ്പർ | മെഷീൻ നമ്പർ |
|---|---|
| 9780038 | 11601100382 |
| 9780221 | 11601100562 |
| 9780347 | 11601100686 |
| 9780875 | 11601101210 |

2) 9782362 സ്റ്റേഷനറി നമ്പർ രസീത് cancelled എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ രസീതിന്റെ counterfoil മാത്രമെ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളൂ. ക്യാൻസൽ ചെയ്ത രശീതികൾ കൗണ്ടർ ഫോയിലിനൊപ്പം സൂക്ഷിക്കാതിരുന്നതിനുള്ള

വിശദീകരണം നൽകേണ്ടതാണ്.

3)താഴെ പറയുന്ന സ്റ്റേഷനറി നമ്പരുകളിലുള്ള ഉപയോഗിക്കാത്ത സാംഖ്യാ രസീതുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല
9673410, 9673462, 9780441,9780443, 9781272, 9781855, 3183033
രശീതികൾ ഹാജരാക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതും ആയവ കണ്ടെടുത്ത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 2-2 തൊഴിൽ നികുതി

1. തൊഴിൽ നികുതി സ്ലാബ് അനുസരിച്ചുള്ള തുക ഈടാക്കിയിട്ടില്ല

i) വെളിയം, G.W.U.P.S ലെ ഓഫീസ് അറ്റന്റന്റ് ആയി ജോലി ചെയ്യുന്ന ശ്രീമതി.ഷീജ.പി.കെ യുടെ അർദ്ധ വാർഷിക വരുമാനം 97920/-രൂപയാണ്. സ്ലാബ് പ്രകാരം 750/-രൂപയാണ് തൊഴിൽ നികുതിയായി ഒടുക്കേണ്ടത്. എന്നാൽ 600/-രൂപ മാത്രമേ അടച്ചിട്ടുള്ളൂ. ഒടുക്ക് വരുത്താൻ ബാക്കിയുള്ള 150/-രൂപ പിഴപലിശ സഹിതം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ii)കൊല്ലം ജില്ലാ സഹകരണ ബാങ്കിന്റെ വെളിയം ശാഖയിൽ പാർട്ട് ടൈം സ്വീപ്പറായി ജോലി ചെയ്യു ശ്രീ.വിജയകുമാറിന്റെ അർദ്ധ വാർഷിക വരുമാനം 142336/-രൂപയാണ്. എന്നാൽ 1250/-രൂപ തൊഴിൽ നികുതി ഒടുക്കേണ്ടതിനു പകരം 750/-രൂപ മാത്രമെ ഒടുക്കിയിട്ടുള്ളൂ. ഒടുക്കുവരുത്താൻ ബാക്കിയുള്ള 500/-രൂപ പിഴപലിശ സഹിതം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

കൊല്ലം ജില്ലാ സഹകരണ ബാങ്കിന്റെ വെളിയം ശാഖയിൽ ക്ലാർക്കായി ജോലി ചെയ്യുന്ന ശ്രീമതി.സുനിത.എസ്(അർദ്ധവാർഷിക വരുമാനം 230484/- രൂപ) തൊഴിൽ നികുതി അടച്ചിട്ടില്ല. പിഴപലിശ സഹിതം തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

3) സ്ഥാപനതൊഴിൽ നികുതിഈടാക്കിയിട്ടില്ല

എസ്സ്.ബി.ടി ഓടനാവട്ടം, മുത്തൂറ്റ് ഫിൻ കോർപ്പ് ഓടനാവട്ടം, മാവേലി സ്റ്റോർ എന്നീ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഈ സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

4) തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റോഷ്നി ദന്തൽ ക്ലിനിക്ക്, സൂപ്പർ സ്പെഷ്യാലിറ്റി ദന്തൽ ക്ലിനിക്ക്, ദന്തപത്ര ആയുർവേദിക് ഹോസ്പിറ്റൽ, ശ്രീഗോകുലം ആയുർവേദിക് & ഹോമിയോപ്പതിക് സെന്റർ, LIC പ്രീമിയം കളക്ഷൻ സെന്റർ എന്നീ സ്ഥാപനങ്ങളെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തി നികുതി

ഈടാക്കുന്നില്ല. ഇവയെ ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തി തൊഴിൽ നികുതിയും സ്ഥാപന നികുതിയും ഈടാക്കേണ്ടതാണ്.

## 2-3 ഡി ആന്റ് ഒ ലൈസൻസ് ഫീസ് ഈടാക്കുന്നില്ല

2014-15 വർഷത്തിൽ 404 സ്ഥാപനങ്ങളിൽ നിന്നും ഡി ആന്റ് ഒ ലൈസൻസ് ഈടാക്കിയിട്ടുണ്ട്. എന്നാൽ 2015-16 ൽ 302 സ്ഥാപനങ്ങൾ മാത്രമേ ലൈസൻസ് പുതുക്കിയിട്ടുള്ളൂ. ലൈസൻസ് എടുക്കാത്ത 102 സ്ഥാപനങ്ങളുടെ വിവരങ്ങൾ ഓഡിറ്റ് എൻക്വയറിയിലൂടെ ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമായില്ല. ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി ലൈസൻസ് ഫീസ് പിരിച്ചെടുക്കേണ്ടതാണ്.

1) പെട്രോൾ പമ്പുകളിൽ നിന്നുള്ള ലൈസൻസ് ഫീസ്

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 'ദിനേശ് ഫ്യുവൽസ് ' എന്ന പെട്രോൾ പമ്പിന്റെ ഡി ആന്റ് ഒ ലൈസൻസ് ഈടാക്കിയിട്ടില്ല. ഒരു ദിവസത്തെ വിറ്റുവരവിന് ആനുപാതികമായ ലൈസൻസ് ഫിസും യന്ത്രസാമഗ്രികളുടെ മോട്ടോർ ഫീസും ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ജിയോഫ്യുവൽസ് എന്ന സ്ഥാപനത്തിന്റെ ഒരു ദിവസത്തെ ശരാശരി വിറ്റുവരവ് മൂന്ന് ലക്ഷം രൂപ എന്നാണ് ലൈസൻസിനുള്ള അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232 ചട്ടം 7 പ്രകാരം ഒരു ലക്ഷത്തിന് മുകളിൽ വിറ്റുവരവ് ഉള്ള സ്ഥാപനങ്ങളിൽ നിന്ന് 4000/- രൂപയാണ് ലൈസൻസ് ഫീസ് ആയി ഈടാക്കേണ്ടത്. എന്നാൽ 1000/-രൂപ മാത്രമേ ഈടാക്കിയിട്ടുള്ളൂ. ബാക്കിയുള്ള 3000/-രൂപ പലിശ സഹിതം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

4)താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും മോട്ടോർ ഫീസ് ഈടാക്കിയിട്ടില്ല.

| വാർഡ് നമ്പർ | കെട്ടിട നമ്പർ | വ്യക്തിയുടെ പേര് മേൽവിലാസം | സ്ഥാപനത്തിന്റെ സ്വഭാവം | യന്ത്രത്തിന്റെ H.P |
|---|---|---|---|---|
| VII | 781 | ഷാജികുമാർ.ബി.എസ്സ് ബി.എസ്സ്.ഭവൻ, വെളിയം.പി.ഒ | ബേക്കറി | 5H.P |
| IX | 558 | രാജു.ആർ തൊടിയിൽ മേലതിൽ പുത്തൻ വീട്, വെളിയം വെസ്റ്റ് | റൈസ് മിൽ | 10 H.P |

| | | | | |
|---|---|---|---|---|
| | | | | |
| XII | 701,702 | ബൈജു.<br>ബൈജുവിലാസം,<br>മരുതമൺപള്ളി | ഫർണീച്ചർ വർക്ക് ഷോപ്പ് | 11 H.P |
| X | 469 | അശ്വതി<br>ബിന്ദു ഭവൻ,<br>വെളിയം | വേൽമുരുകാ എഞ്ചിനിയറിംഗ് വർക്സ് | യന്ത്രസാമഗ്രികളുടെ വിവരം രേഖപ്പെടുത്തിയിട്ടില്ല |
| II | 223 | രവീന്ദ്രൻ ഉണ്ണിത്താൻ<br>അജയ്ഭവൻ, മുട്ടറ | മെറ്റൽ ക്രാഫ്റ്റ് എഞ്ചിനിയറിംഗ് | 2.5H.P |
| III | 443 | സുരേഷ് കുമാർ.കെ<br>ഞാറവിള താഴതിൽ വീട്,<br>വാപ്പാല ചെപ്ര.പി.ഒ | മൈക്ക് സെറ്റ് പ്രവർത്തനം | 3H.P |
| VII | 951 | ശശിധരൻ.സി<br>വാറുവിള പുത്തൻവീട്,<br>കൈതക്കുഴി,<br>ആദിച്ചനല്ലൂർ.പി.ഒ | റൈസ് മിൽ | 10H.P |
| III | 849 | രാജൻ.ജി<br>ചാരുവിള പുത്തൻ വീട്,<br>ഓടനാവട്ടം | വെൽഡിംഗ് വർക്ക്ഷോപ്പ് | 1H.P |
| V | 612 | അനു.വൈ<br>നെല്ലിവിള പുത്തൻ | വെൽഡിംഗ് വർക്ക് ഷോപ്പ് | യന്ത്ര സാമഗ്രികളുടെ വിവരം |

| | | | | |
|---|---|---|---|---|
| | | വീട്,<br>വാപ്പാല | | രേഖപ്പെടുത്തിയിട്ടില്ല |
| XI | 743 | ബിജു തോമസ്<br>കുന്നുവിള പുത്തൻ വീട് | വെൽഡിംഗ്<br>വർക്ക് ഷോപ്പ് | യന്ത്ര സാമഗ്രികളുടെ<br>വിവരം<br>രേഖപ്പെടുത്തിയിട്ടില്ല |
| IV | 763-767 | കെ.അനിൽകുമാർ<br>അമ്പലക്കര ഹൗസ്,<br>കൊട്ടാരക്കര | കാഷ്യൂ ഫാക്ടറി | 14 H.P |
| II | 830 | ഓമനക്കുട്ടൻ.കെ<br>മണിമന്ദിരം, മുട്ടറ | കാഷ്യൂ ഫാക്ടറി | 36 H.P |
| IX | 812,813 | കെ.വിജയലക്ഷ്മിഅമ്മ<br>ആരതി നിവാസ്,<br>വെളിയം.പി.ഒ | ടൂ വീലർ വർക്ക്<br>ഷോപ്പ് | യന്ത്ര സാമഗ്രികളുടെ<br>വിവരം<br>രേഖപ്പെടുത്തിയിട്ടില്ല |
| XII | 757,758 | സാറാമ്മ ജോർജ്<br>നെല്ലിക്കാല തെക്കേ<br>വീട്, ഓടനാവട്ടം | പെട്രോൾ പമ്പ് | 7.5 H.P |

മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും മോട്ടോർ ഫീസ് ഈടാക്കേണ്ടതാണ്.

വാർഡ് IV ൽ പ്രവർത്തിക്കുന്ന ഇമ്മാനുവൽ കാഷ്യൂ ഫാക്ടറി എന്ന സ്ഥാപനത്തിൽ 35H.P യുടെ യന്ത്രമാണ് ഉപയോഗിക്കുന്നത് എന്നാണ് അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന യന്ത്രങ്ങളാണ് സ്ഥാപനത്തിൽ ഉപയോഗിക്കുന്നതെന്ന് പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232 ചട്ടം 18 പ്രകാരം വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന 30 HP മുതൽ 40HP വരെയുള്ള യന്തങ്ങൾക്ക് 400/- രൂപയാണ് മോട്ടോർ ഫീസ് ഇനത്തിൽ ഈടാക്കേണ്ടത്. എന്നാൽ 200/-രൂപ

മാത്രമേ മോട്ടോർ ഫീസ് ആയി അടച്ചിട്ടുള്ളൂ. സ്ഥാപനത്തിലെ യന്ത്രങ്ങളുടെ കുതിര ശക്തി കൃത്യമായി നിർണ്ണയിച്ച് ആനുപാതികമായ മോട്ടോർ ഫീസ് ഈടാക്കേണ്ടതാണ്.

## 2-4 അനധികൃത നിർമ്മാണം

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇമ്മാനുവൽ കാഷ്യു ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിൽ അനധികൃത നിർമ്മാണങ്ങൾ നടന്നിട്ടുണ്ട്.

ടി സ്ഥാപനത്തിൽ ഓവർസിയർ ശ്രീമതി.സുലേഖയുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ Borma, Cutting area, peeling, grading, godown, boiler എന്നീ യൂണിറ്റുകൾ പ്രവർത്തിക്കുന്നതായി കണ്ടു. സ്ഥാപനത്തിൽ പുതുതായി നടത്തിയ നിർമ്മാണ പ്രവൃത്തികൾക്ക് പെർമിറ്റ് നൽകിയതിന്റെ ഫയലുകൾ ഓഡിറ്റ് റിക്വസിഷനിലൂടെ (1/15.11.16) ആവശ്യപ്പെട്ടുവെങ്കിലും കാഷ്യു ഫാക്ടറി സ്ഥിതിചെയ്യുന്ന IV/664-667 നമ്പർ കെട്ടിടങ്ങൾ 1993-94 വർഷത്തെ അസസ്സ്മെന്റിൽ ഉൾപ്പെട്ടതാണെന്നും, കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ നിലവിൽ വരുന്നതിനു മുൻപ് കെട്ടിട നിർമ്മാണം നടന്നിട്ടുള്ളതാണ് എന്നുമുള്ള മറുപടിയാണ് ലഭിച്ചത്. അനധികൃതമായി നടത്തിയ പുതിയ നിർമ്മാണങ്ങൾക്ക് പെർമിറ്റിന് അപേക്ഷ നൽകിയിട്ടില്ല. മതിലിനോട് ചേർന്നുള്ള ഗോഡൗൺ നിർമ്മാണം ഉൾപ്പെടെയുള്ള അനധികൃത നിർമ്മാണങ്ങളാണ് സ്ഥാപനത്തിൽ നടന്നിട്ടുള്ളത്. ഇത്തരത്തിൽ സ്ഥാപനത്തിൽ നടത്തിയ മുഴുവൻ നിർമ്മാണത്തിന്റെയും ആകെ വിസ്തീർണം അളന്ന് അനധികൃത നിർമ്മാണത്തിന് ഈടാക്കേണ്ട നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഡി ആന്റ് ഒ ലൈസൻസിനുള്ള അപേക്ഷാ ഫോറത്തിൽ IVാംവാർഡിൽ 664 മുതൽ 667 വരെയുള്ള കെട്ടിടങ്ങളിലാണ് കാഷ്യു ഫാക്ടറികൾ പ്രവർത്തിക്കുന്നത് എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ടി നമ്പരിലുള്ള കെട്ടിടങ്ങൾക്ക് 2013 വരെയുള്ള നികുതി ഈടാക്കിയതിന്റെ രേഖകൾ മാത്രമെ ഹാജരാക്കിയിട്ടുള്ളൂ. കുടിശ്ശികയുള്ള നികുതി പിഴ പലിശ സഹിതം കണക്കാക്കി ഈടാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വിടരും മുൻപേ വാടിയ മരുതിമല ഇക്കോ ടൂറിസം പദ്ധതി

വെളിയം ഗ്രാമപഞ്ചായത്തിലെ പ്രകൃതി രമണീയമായ മുട്ടറ മരുതിമലയെ നിലവാരമുള്ള ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് മരുതിമല ഇക്കോ-ടൂറിസം പദ്ധതി. ഇതിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും ആദ്യ ഘട്ടമായി 35 ലക്ഷം രൂപ സംസ്ഥാന സർക്കാർ അനുവദിക്കുകയും ചെയ്തു. 2009-10 വർഷം 30,70,000/- രൂപ വകയിരുത്തി ഇക്കോ ടൂറിസം പദ്ധതി പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തു.

ഇൻഫർമേഷൻ സെന്റർ, കിയോസ്ക് (2 എണ്ണം), ഫുഡ് കോർട്ട്, പാത്ത് വേ,

പവലിയൻ (2 എണ്ണം), എന്നിവയാണ് ആദ്യ ഘട്ടമായി പ്രവൃത്തിയൽ ഉൾപ്പെടുത്തിയിരുന്നത്. 29,84,000/- രൂപയുള്ള സാങ്കേതികാനുമതി ലഭിച്ച പദ്ധതി എസ്റ്റിമേറ്റ് റിവൈസ് ചെയ്തതിന്റെ അടിസ്ഥാനത്തിൽ 30,62,886/- രൂപയായി പുതുക്കി അംഗീകാരം ലഭിച്ചിട്ടുണ്ട്.

20% മോ അതിലധികമോ അധിക നിരക്കിലാണ് പ്രവൃത്തികളോരോന്നും ടെണ്ടർ ചെയ്ത് കരാർ വച്ചിട്ടുള്ളത്. വൈദ്യുതി, വെള്ളം എന്നിവ ലഭ്യമല്ലാതിരുന്ന സാഹചര്യത്തിലാണ് പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുള്ളതും അധിക നിരക്ക് അംഗീകരിച്ച് കരാർ വച്ചിട്ടുള്ളതും. എന്നാൽ ഇതിന്റെ പേരിൽ പ്രവൃത്തി താമസിപ്പിച്ചതു കാരണം എം എൽ എ ഫണ്ടിൽ നിന്നു തുക ലഭ്യമാക്കി സ്വകാര്യ വ്യക്തികളുടെ സ്ഥലത്തു കൂടി വഴി നിർമ്മിച്ച് സാധന സാമഗ്രികൾ എത്തിക്കുകയും വൈദ്യുതി ലൈൻ സ്ഥാപിക്കുകയും ചെയ്തു. പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി, കരാർ പ്രകാരം മൂന്നു മുതൽ അഞ്ചു മാസം വരെ ആയിരുന്നു. എന്നാൽ 2009-10 കാലയളവിൽ കരാർ വച്ച പ്രവൃത്തികൾ 2011-12 വർഷത്തിലാണ് ഭാഗികമായി ആരംഭിച്ചിട്ടുള്ളത്. നാളിതുവരെയും പണികൾ പൂർത്തീകരിച്ചിട്ടില്ല. മാത്രമല്ല ചെയ്ത പ്രവൃത്തികൾ നശിപ്പിക്കപ്പെട്ട നിലയിലാണ് കാണാൻ കഴിഞ്ഞത്. ഈ സാഹചര്യത്തിൽ ചെയ്ത പ്രവൃത്തികൾ മാത്രം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് കരാറുകാർക്കു പണം നൽകുകയായിരുന്നു. അതിനായി 2015-16 സാമ്പത്തികക വർഷം 18,90,900/- രൂപ വകയിരുത്തി പ്രോജക്റ്റ് രൂപീകരിക്കുകയും 14,96,411/-രൂപ പൂർത്തിയാക്കാത്ത പദ്ധതിക്കു വേണ്ടി കരാറുകാർക്ക് വീതിച്ച് നൽകുകയുമാണുണ്ടായത്.

(1) ഇൻഫർമേഷൻ സെന്റർ

T S – 9,30,000/- രൂപ

പുതുക്കിയ എസ്റ്റിമേറ്റ് - 10,80,000/- രൂപ

എഗ്രിമെന്റ് നമ്പർ - 9/2010-11/ 12-07-2010

കരാറുകാരൻ -ശ്രീ. അശോകൻ. വി

എം.ബുക്ക് നമ്പർ - 2/12-13

ടെണ്ടർ – 20% ഉയർന്ന നിരക്ക്

ചെലവ് തുക – 6,85,847/-രൂപ (2011-12)

4,86,894/-രൂപ (2015-16) ചെക്ക് നം.1397127/15-09-2015

(2)കിയോസ്ക് (2 എണ്ണം)

T S – 3,63,000/-രൂപ

എഗ്രിമെന്റ് നമ്പർ – 8/10-11/ 12-07-2010

കരാറുകാരൻ – ശ്രീ. അശോകൻ.

എം.ബുക്ക് നമ്പർ - 74/14-15

ടെണ്ടർ - 20% ഉയർന്ന നിരക്ക്

ചെലവ് തുക – 3,29,563/-രൂപ (2015-16) ചെക്ക് നം.. 1397127/15-09-2015

(3)ഫുഡ് കോർട്ട്

T S – 4,38,000/- രൂപ

എഗ്രിമെന്റ് നമ്പർ – 7/2010-11/ 12-07-2010

കരാറുകാരൻ -ശ്രീ. എം.വി. കിഷോർ

എം.ബുക്ക് നമ്പർ – 9/12-13, 77/14-15

ടെണ്ടർ – 20% ഉയർന്ന നിരക്ക്

ചെലവ് തുക –2,83,268/- രൂപ (2012-13)
1,49,169/-രൂപ (2015-16) ചെക്ക് നമ്പർ - 1397131/15-09-2015

(4)പാത്ത് വേ

T S – 5,84,000/-രൂപ

എഗ്രിമെന്റ് നമ്പർ – 6/10-11

കരാറുകാരൻ -ശ്രീ. എം.വി. കിഷോർ

എം.ബുക്ക് നമ്പർ – 76/14-15

ടെണ്ടർ – 10% ഉയർന്ന നിരക്ക്

ചെലവ് തുക - 2,66,268/- രൂപ (2015-16) ചെക്ക് നംപർ – 1397129/15-09-2015

(5)പവലിയൻ ബിൽഡിംഗ് (2 എണ്ണം.)

T S – 6,04,000/- രൂപ

എഗ്രിമെന്റ് നമ്പർ - 5/10-11/12-07-2010

കരാറുകാരൻ -ശ്രീ. എം.വി. കിഷോർ

എം.ബുക്ക് നമ്പർ – 11/12-13,75/14-15

ടെണ്ടർ – 20% ഉയർന്ന നിരക്ക്

ചെലവ് തുക - 2,09,979/- രൂപ (2012-13)

2,64,517/-രൂപ (2015-16) ചെക്ക് നം. 1397128/15-09-2015

ആകെ ചെലവായ തുക = 26,75,505/- രൂപ.

പ്രവൃത്തി ദീർഘിപ്പിച്ചതിനു കാരണം വൈദ്യുതി, വെള്ളം എന്നിവ ഇല്ലാത്തതാണ്

എന്ന വാദം അംഗീകരിക്കാനാവില്ല. അത്തരം ഒരു സാഹചര്യം നിലവിലുണ്ടായിരുന്നതാണ് എന്ന് മനസ്സിലാക്കിത്തന്നെയാണ് കരാറുകാർ പ്രവൃത്തി 20% അധിക നിരക്കിൽ ഏറ്റെടുത്തിട്ടുള്ളത്. മാത്രമല്ല MLA ഫണ്ട് ഉപയോഗിച്ച് അത്തരം സൗകര്യങ്ങൾ ഏർപ്പെടുത്തിയിരുന്നു. പൂർത്തീകരിക്കാത്ത പ്രവൃത്തിക്ക് ഫൈനൽ ബിൽ തയ്യാറാക്കിയ സാഹചര്യം സാധൂകരിക്കുന്നതിനാവശ്യമായ രേഖകളോ കമ്മിറ്റി തീരുമാനങ്ങളോ ഹാജരാക്കിയിട്ടില്ല. അതുവരെ തീർത്ത പണിക്കനുസൃതമായി എസ്റ്റിമേറ്റ് പുതുക്കി ഫൈനൽ ബിൽ എന്ന തരത്തിൽ തയ്യാറാക്കി പണം നൽകുകയായിരുന്നു. കരാറുകാരൻ പണി തുടർന്നു ചെയ്യാൻ വിസമ്മതിച്ചതാണെങ്കിൽ അതു കരാർ ലംഘനമായി കണക്കാക്കി നഷ്ടോത്തരവാദിത്വം ചുമത്തി നഷ്ടം ഈടാക്കണമായിരുന്നു. പണി അനിശ്ചിതമായി ദീർഘിപ്പിച്ചതിന് പിഴ ഈടാക്കിയിട്ടുമില്ല.

പ്രവൃത്തി കാണുന്നതിനും വിലയിരുത്തുന്നതിനും 17-11-2016 ന അസി. എഞ്ചിനീയർ ശ്രീമതി സിന്ധു വി. ജെ. യുടെ സാന്നിദ്ധ്യത്തിൽ സ്ഥല പരിശോധന നടത്തുകയുണ്ടായി.













മലയുടെ മുകളിൽ എത്തിച്ചേരുന്നതിന് വാഹനം കടന്നു ചെല്ലുന്നതിന് നിലവിൽ സൗകര്യം ഇല്ലാത്തതിനാൽ ഒരു വശത്തു കൂടി വളരെ സാഹസികമായാണ് മുകളിൽ എത്താൻ കഴിഞ്ഞത്. നിർമ്മാണങ്ങൾ മുഴുവൻ കാടു മൂടിക്കഴിഞ്ഞു. ഇൻഫർമേഷൻ സെന്ററിൽ സ്ഥാപിച്ചിരുന്ന ഗ്ലാസ്സ് ഡോറുകൾ പൂർണ്ണമായും അടിച്ചു തകർത്ത നിലയിലാണ്. ജനൽ പാനലുകൾ ഇളക്കിക്കൊണ്ടു പോയ നിലയിലാണ്.

ഫ്ലോർ ടൈലുകൾ അടിച്ചു തകർത്ത നിലയിലും ബാത്ത് റൂം ഫിറ്റിംഗുകൾ ഇളക്കിക്കൊണ്ടു പോവുകയോ ഫിറ്റു ചെയ്യാതിരിക്കുകയോ ചെയ്ത അവസ്ഥയിലുമാണ്.
ഫുഡ് കോർട്ടിനായി പണിഞ്ഞ കെട്ടിടവും ഇതേ അവസ്ഥയിലാണ്. ഗ്രാനൈറ്റ് സ്ലാബുകൾ മുഴുവൻ ഇളക്കിക്കൊണ്ടു പോയിട്ടുണ്ട്. ജനൽ പാളികളും ഇളക്കിക്കൊണ്ടു പോയതായി . കാണുന്നു. കെട്ടിടം സാമൂഹ്യ വിരുദ്ധരാൽ തകർത്ത നിലയിലാണ് കാണാൻ കഴിഞ്ഞത്.

പാത്ത് വേ പണി പൂർത്തീകരിച്ചിട്ടില്ല. പൂർത്തീകരിച്ച ഭാഗങ്ങൾ മുഴുവൻ കാട്ടുമൂടി ഇഴജന്തുക്കളുടെ ആവാസ കേന്ദ്രമായി മാറിയിട്ടുണ്ട്.

മരുതി മലയുടെ ഒരു ഭാഗം നേരത്തേ പാറ ക്വാറി മാഫിയ പിടി മുറുക്കിയിരുന്നു. ആയത് ഇപ്പോൾ നിലച്ചിട്ടുണ്ടെങ്കിലും ഈ അക്രമത്തിനു പിന്നിൽ അവരുടെ പങ്കും സംശയിക്കപ്പെടുന്നു. ഈ പ്രശ്നത്തിൽ പഞ്ചായത്ത് യാതൊരു നടപടിയും എടുത്തിട്ടില്ലായെന്നത് ഗൗരവത്തോടെ കാണുന്നു.

ഈ വിഷയത്തിൽ സർക്കാർ തല അന്വേഷണത്തിനു ശുപാർശ ചെയ്യുന്നു.

## 3-2 <u>അധിക അളവ് രേഖപ്പെടുത്തി തുക വസൂലാക്കി</u>

4,50,000/- രൂപയുടെ സാങ്കേതികാനുമതി ലഭിച്ചിട്ടുള്ള വെളിയം കൃഷിഭവൻ മെയിന്റനൻസ്(പ്രോ. നം. 151/16) എന്ന പ്രോജക്ടിൽ കൃഷിഭവൻ മെയിന്റനൻസ് അല്ലാതെ മറ്റു ചില പ്രവൃത്തികളും ഉൾപ്പെട്ടു കാണുന്നു. എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പോലും കൃഷിഭവന്റെ കേടായ മേൽക്കൂര മാറ്റുന്ന പ്രവൃത്തിയെ കുറിച്ചു മാത്രമാണ് പറയുന്നത്. എന്നാൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പലയിനങ്ങളും എൽ. എസ്സ്. ജി. ഡി. എഞ്ചിനീയറിംഗ്/കുടുംബശ്രീ ഓഫീസുകൾ പ്രവർത്തിക്കുന്ന കെട്ടിടത്തിലായിരുന്നു നടപ്പിലാക്കിയതെന്ന് സ്ഥല പരിശോധനയിൽ വ്യക്തമായി.

പ്രവൃത്തിയുടെ 13-ാം ഇനമായി ഉൾപ്പെടുത്തിയിരുന്ന 7.5mm കനത്തിലുള്ള PVC പ്ലെയിൻ പാനൽ ഉപയോഗിച്ചുള്ള ഫാൾസ് സീലിംഗ് പ്രവൃത്തി ഇത്തരത്തിലൊന്നാണ്. എഞ്ചിനീയറിംഗ് ഓഫീസ് സ്ഥിതി ചെയ്യുന്ന ഹാളിൽ 37.44m2 ഉം കുടുംബശ്രീ പ്രവർത്തിക്കുന്ന റൂമിൽ 12.96m2 ഉം ചേർത്ത് ആകെ 50.40m2 നിലവിൽ PVC ഫാൾസ് സീലിംഗ് ഉള്ള സ്ഥലത്ത് പുതിയ ഫാൾസ് സീലിംഗ് ചെയ്യുന്നതിനായിരുന്നു ഈ ഇനം ഉൾപ്പെടുത്തിയിരുന്നത്. നിലവിൽ ഉള്ള സീലിംഗിന്റെ 17.14m2 പുനരുപയോഗപ്പെടുത്തി ബാക്കി 33.26m2 ചെയ്യുന്ന തരത്തിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. എം. ബുക്ക നം. 85/15-16 പ്രകാരം 460.67/m2 നിരക്കിൽ 33m2 ന് 15,202/- രൂപ

കണക്കാക്കിയാണ് ഫൈനൽ ബിൽ തയ്യാറാക്കിയിട്ടുള്ളത്.

ഇപ്പോഴത്തെ അസി.എഞ്ചിനീയർ ശ്രീമതി സിന്ധു വി.ജെ. യുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ കുടുംബശ്രീ പ്രവർത്തിക്കുന്ന മുറികളുള്ളിൽ 12.96m2 വിസ്തീർണ്ണത്തിൽ മാത്രമാണ് പുതിയ സീലിംഗ് ചെയ്തിട്ടുള്ളതെന്നും ബാക്കി 39.45m2 പഴയ പാനൽ തന്നെയാണ് ഹാളിലുൾപ്പെടെയുള്ള സ്ഥലങ്ങളിൽ ഉപയോഗിച്ചിട്ടുള്ളതെന്നും നേരിട്ട് കണ്ടു ബോധ്യപ്പെട്ടു. ഇളക്കിമാറ്റിയ 12 എണ്ണം പാനലുകൾ പഞ്ചായത്ത് ജീപ്പ് ഷെഡ്ഡിൽ സൂക്ഷിച്ചിട്ടുള്ളതും നേരിൽ കണ്ടു ബോധ്യപ്പെട്ടു. ഇവയുടെ വിസ്തീർണ്ണം (12X3.65X0.25) 10.95m2 ആണെന്ന് അളന്നു തിട്ടപ്പെടുത്തിയിട്ടുണ്ട്.

12.96m2 വിസ്തീർണ്ണത്തിൽ മാത്രമാണ് പുതിയ സീലിംഗ് ചെയ്തതെന്നിരിക്കെ 33m2 ചെയ്തതായി എം. ബുക്കിൽ രേഖപ്പെടുത്തി തുക നൽകിയതു വഴി 20.04m2 ന് നൽകിയിട്ടുള്ളത് അധികച്ചെലവാണെന്നു വ്യക്തമായി. ആയതിനാൽ 20.04m2 ന് ചെലവഴിച്ച 9,232/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. (20.04m2X460.67/m2 = 9,232/- രൂപ). നഷ്ടം അളവെടുത്തു തുക നൽകിയ അസി എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത അസി.എക്സി.എഞ്ചിനീയർ എന്നിവരിൽ നിന്നു തുല്യമായി ഈടാക്കേണ്ടതാണ്.

ഈ പ്രവൃത്തിയിൽ ഉൾപ്പെട്ട പെയിന്റിംഗ് പ്രവൃത്തികൾ ഭാഗികമായി മാത്രമേ ചെയ്തിട്ടുള്ളൂവെന്നും സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടു.

### **3-3** <u>ക്വട്ടേഷൻ ക്ഷണിക്കാതെ പ്രിൻറ് ചെയ്തു **- 29950/-** രൂപ തടസ്സപ്പെടുത്തുന്നു</u>

വൗച്ചർ നം :21500405 തീയതി: 27.10.15, 29950/- രൂപ

വെളിയം ഗ്രാമപഞ്ചായത്തിലെ 19 വാർഡുകളുടെ ഗ്രാമസഭാ നോട്ടീസ്(500പകർപ്പ്) അച്ചടിച്ചതിന് 9500/-രൂപയും, അപേക്ഷാ ഫോറം അച്ചടിച്ചതിന് 13750/- രൂപയും ഗുണഭോക്തൃ ലിസ്റ്റ് അച്ചടിച്ചതിന് 6700/-രൂപയും ഉൾപ്പെടെ 29950/-രൂപ ക്വട്ടേഷൻ ക്ഷണിക്കാതെ റോയൽ ഓഫ് സെറ്റ് പ്രസ് എന്ന സ്ഥാപനത്തിന് നല്കി. ക്വട്ടേഷൻ ക്ഷണിച്ച് കുറഞ്ഞ തുകയ്ക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തിന് അച്ചടി ജോലികൾ നല്കാതെ ഒരു സ്ഥാപനത്തിന് തന്നെ മുഴുവൻ ജോലികളും ഏല്പിച്ച നടപടി ക്രമ വിരുദ്ധമാണ്. അതിനാൽ ചെലവായ 29950/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മറുപടി ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

### **3-4** <u>ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ - വിനിയോഗ രേഖ ഹാജരാക്കിയില്ല. തടസ്സപ്പെടുത്തുന്ന തുക **- 117147/-** രൂപ</u>

പദ്ധതി നംപർ - S0166/16

പദ്ധതി അടങ്കൽ - 3,00,000 /- രൂപ ( തനത് ഫണ്ട് )

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ പദ്ധതിയിൽ വെളിയം ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ

എസ്റ്റിമേറ്റ് നം. DB/101/15-16 demand letter dt. 22.3.16 (തുക – 101262/-രൂപ), എസ്റ്റിമേറ്റ് നം. DB/103/15-16 demand letter dt. 26.3.16 (തുക – 15885/-രൂപ) എന്നിവയിൽ ആവശ്യപ്പെട്ട പ്രകാരം ആകെ 117147/- രൂപ അസിസ്റ്റന്റ് എൻജിനീയർ ഇലക്ട്രിക്കൽ സെക്ഷൻ വെളിയം പേർക്ക് ഒടുക്കിയിട്ടുണ്ട്. ചെക്ക് നംപർ 4819473/ 29.3.2016 (രസീത് നം. 45840160331101272 /31.3.2016, 45840160331101297/ 31.3.2016) പോസ്റ്റ് സ്ഥാപിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. ആയതിനാൽ 117147/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് അന്വേഷണം നമ്പർ 13/16.11.2016 നുള്ള മറുപടിയിൽ കെ.എസ്.ഇ.ബിയിൽ നിന്നും വിനിയോഗരേഖ വാങ്ങി ഹാജരാക്കാമെന്നറിയിച്ചിട്ടുണ്ട്. വിനിയോഗരേഖ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-5 <u>എസ്.എസ്.എ.വിഹിതം വിനിയോഗ സാക്ഷ്യപത്രം ഇല്ല – **1361145 /-**രൂപ തടസ്സപ്പെടുത്തുന്നു</u>

ബിൽ നം : 2/15-16/19-12-15 : 8,00,000/-രൂപ

ബിൽ നം : 3/15-16/19-12-15 : 2,00,000/- രൂപ

ബിൽ നം : 4/15-16/28-03-16 : 3,61,145/-രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹെഡ് മാസ്റ്റർ

2015-16 വർഷത്തെ എസ്.എസ്.എ. വിഹിതമായ 1361145/- രൂപ മേൽപ്പറഞ്ഞ ബിൽ പ്രകാരം മാറി ജില്ലാ പ്രോജക്ട് ഓഫീസർ, എസ്.എസ്.എ, കൊല്ലം പേർക്ക് നല്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത തുകയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണത്തിന്(നം.1/9.11.16) ഹെഡ് മാസ്റ്റർ ഹാജരാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം നാളിതുവരെയായി എസ്.എസ്.എ യിൽ നിന്നും വാങ്ങിയിട്ടില്ലായെന്നും, ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-6 <u>ഐ.എ.വൈ-വിഹിതം നൽകൽ - വിനിയോഗരേഖ ഹാജരാക്കിയില്ല.</u>

പദ്ധതി അടങ്കൽ -
വികസന ഫണ്ട് പൊതു വിഭാഗം – 6,40,000 /-രൂപ
സാധാരണവിഹിതം - 5,00,000 /-രൂപ ;
തനത് ഫണ്ട് - 1,40,000 /-രൂപ

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഐ.എ.വൈ-വിഹിതം നൽകൽ പദ്ധതിയിൽ (SOO3/16) സാധാരണ വിഹിതത്തിൽ നിന്നും 5,00,000/-രൂപ 14.3.14 ലെ ബിൽ നമ്പർ 45/15-16 പ്രകാരം കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി പേർക്ക് നൽകിയിട്ടുണ്ട്(ഡി.ഡി. നമ്പർ 862583/14.3.16/19.11.14). എന്നാൽ

പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഐ.എ.വൈ. ഗ്രാമപഞ്ചായത്ത് വിഹിതമിനത്തിൽ ചെലവഴിച്ച 5,00,000/- രൂപ തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് അന്വേഷണം നമ്പർ 13/ 16.11.2016 നുള്ള മറുപടിയിൽ വിനിയോഗരേഖ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും വാങ്ങി ഹാജരാക്കാമെന്നറിയിച്ചിട്ടുണ്ട്. വിനിയോഗരേഖ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-7 മീഡിയാശ്രീ - വിനിയോഗരേഖ ഹാജരാക്കിയില്ല

പ്രോജക്ട് - മീഡിയാശ്രീയ്ക്കുള്ള പഞ്ചായത്ത് വിഹിതം നല്കൽ - S0026 /16

അടങ്കൽ - വികസന ഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡ് - 65000/-രൂപ

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മീഡിയാശ്രീയ്ക്കുള്ള പഞ്ചായത്ത് വിഹിതം നല്കൽ പദ്ധതിയ്ക്കായി വികസന ഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡിൽ നിന്നും ബിൽ നംപർ 2/15-16 പ്രകാരം 65000/- രൂപ പിൻവലിച്ച് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം പേർക്ക് നല്കിയിട്ടുണ്ട്(ഡി.ഡി. നം. 718408/25.9.2015). തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണം നംപർ 9/19.11.2016 നുള്ള മറുപടിയിൽ പദ്ധതി പൂർത്തിയായിട്ടില്ലെന്നും പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ 65000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-8 പൊതു ടാപ്പുകൾക്ക് വെള്ളക്കരം ഒടുക്ക് - സംയുക്ത പരിശോധന നടത്തുന്നില്ല

2015-16 വർഷം വെളിയം ഗ്രാമ പഞ്ചായത്തിലെ 19 വാർഡുകളിലെ 79 പൊതുടാപ്പുകൾക്ക് പ്രതിമാസം 34563/- രൂപ പ്രകാരം 414756/- രൂപ വാട്ടർ അതോറിറ്റി
യിൽ ഒടുക്ക് വരുത്തിയിട്ടുണ്ട്.

വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിയ്ക്കുന്ന ഡിമാന്റ് നോട്ടീസിന്റെ അടിസ്ഥാനത്തിലാണ് തുക ഒടുക്കിയിട്ടുള്ളത്. ഉപയോഗത്തിൽ ഉള്ളതും, ഇല്ലാത്തതുമായ എത്ര ടാപ്പുകൾ ഉണ്ടെന്ന് നാളിതുവരെയായി കണക്കെടുക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. സംയുക്ത പരിശോധന നടത്താൻ വാട്ടർ അതോറിറ്റിയുടെ സഹകരണം ലഭിക്കുന്നില്ലായെന്നാണ് ഓഡിറ്റ് അന്വേഷണത്തിന് (നം.2/9.11.16) മറുപടി നല്കിയിട്ടുള്ളത്. 79 പൊതുടാപ്പുകളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച് പരിശോധന നടത്തുന്നതിന് സംയുക്ത പരിശോധ നടത്തുന്നതിന് വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കേണ്ടതാണ്. സംയുക്ത പരിശോധന നടത്തി ഉപയോഗമുള്ള പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തി ആയതിൻ പ്രകാരമുള്ള ബിൽ തുക ഒടുക്ക് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് .

## 3-9 പെർഫോർമൻസ് ഓഡിറ്റ് നവീകരണം - വിനിയോഗ സാക്ഷ്യപത്രം ഇല്ല. - 10000/- രൂപ തടസ്സപ്പെടുത്തുന്നു

വൗച്ചർ നം. 21500877/30.03.16

പെർഫോർമൻസ് ഓഡിറ്റ് സംവിധാനം നവീകരിക്കുന്നതിന്റെ ഭാഗമായി കൊട്ടാരക്കര പെർഫോർമൻസ് യൂണിറ്റ് നം. 2-ന് വേണ്ടി നല്കിയിട്ടുള്ള 10000/- രൂപയുടെ കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. മേല്പറഞ്ഞ രേഖകളുടെ അഭാവത്തിൽ 10000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. കൈപ്പറ്റ് രസീത് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-10 തെരുവ് വിളക്കുകളുടെ കറൻറ് ചാർജ്ജ് - 653664/-രൂപ തടസ്സപ്പെടുത്തുന്നു.

വൗച്ചർ നം. 21500006/04.04.15

തുക - 156157/-രൂപ

2015-16 വർഷം വെളിയം ഗ്രാമപഞ്ചായത്തിലെ 19 വാർഡുകളിലെ തെരുവ് വിളക്കുകളുടെ കറൻറ് ചാർജ്ജ് ഒടുക്ക് പരിശോധിച്ചതിൽ നിലവിൽ ഉപയോഗിക്കാത്ത സാധാരണ ബൾബുകൾക്കും കറന്റ് ചാർജ്ജ് ഒടുക്കിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഐറ്റം | എണ്ണം | നിരക്ക് | തുക |
|---|---|---|---|
| 40watt ordinary bulb | 850 | 61 | 51850 |
| 100watt ordinary bulb | 6 | 155 | 930 |
| 60watt ordinary bulb | 18 | 94 | 1692 |
| | | | 54472 |

2015-16 വർഷം ആകെ 653664/-രൂപ(12X54472) സാധാരണ ബൾബുകൾക്കുള്ള ചാർജ് കണക്കാക്കി കെ.എസ്.ഇ.ബി ഡിമാൻറ് നോട്ടീസ് നല്കിയിട്ടുള്ളതും പഞ്ചായത്ത് ടി തുക ഒടുക്കിയിട്ടുള്ളതുമാണ്. തെരുവ് വിളക്കുകളുടെ എണ്ണം, ഇനം എന്നിവ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ പരിപാലിക്കുന്നില്ല. വൈദ്യുതി ചാർജ് അധികമായി ഒടുക്കിയതിന് വിശദീകരണമാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം. 2/9.11.16 -ന് മറുപടിയായി ബൾബുകളുടെ നിജസ്ഥിതി സംബന്ധിച്ച് സംയുക്ത പരിശോധന നടത്താൻ കെ.എസ്.ഇ.ബി. യെ സമീപിച്ചെങ്കിലും ടി സ്ഥാപനം നാളിതുവരെ സഹകരിച്ചിട്ടില്ലാ-യെന്നാണ് അറിയിച്ചിട്ടുള്ളത്. ഉപയോഗിക്കാത്ത സാധാരണ ബൾബുകൾക്ക്

പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ലക്ഷങ്ങൾ ചെലവഴിക്കുന്ന നടപടി അംഗീകരിക്കത്തക്കതല്ല. സംയുക്ത പരിശോധനയ്ക്ക് കെ.എസ്.ഇ.ബി. സഹകരിക്കുന്നില്ലെങ്കിൽ പഞ്ചായത്ത് ഭരണസമിതി നിയമ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ ഇത്തരത്തിൽ വാങ്ങുന്ന തുക സംയുക്ത പരിശോധന നടത്തി തുടർന്നുള്ള തെരുവ് വിളക്കുകളുടെ കറന്റ് ചാർജ്ജ് തുകയിൽ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. സംയുക്ത പരിശോധന നടത്തി ബൾബുകളുടെ എണ്ണം തിട്ടപ്പെടുത്തി തുക ക്രമീകരിച്ച വിവരം കെ.എസ്.ഇ.ബി. യിൽ നിന്ന് ലഭിക്കുന്നതുവരെ 2015-16 വർഷം തെരുവ് വിളക്കുകളുടെ കറൻറ് ചാർജ്ജിനത്തിൽ സാധാരണ ബൾബുകൾക്കായി ഒടുക്കിയ തടസ്സത്തിൽ വയ്ക്കുന്നു.

## **3-11** <u>പഞ്ചായത്ത് കെട്ടിടങ്ങൾക്ക് കറൻറ് ചാർജ്ജ് ഒടുക്കൽ - കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശം ലഭ്യമല്ല</u>

വൗച്ചർ നം :21500028/21.4.15
തുക : 7166 /- രൂപ

വൗച്ചർ നം :21500034/25.4.15
തുക: 12774/- രൂപ

വെളിയം പഞ്ചായത്ത് ഒടുക്കുന്ന കെട്ടിടങ്ങളുടെ 4/2015 ലെ കറൻറ് ചാർജ്ജ് പരിശോധിച്ചതിൽ മേല്പറഞ്ഞ വൗച്ചറുകൾ പ്രകാരം തുക ഒടുക്കിയത് ഏതൊക്കെ സ്ഥാപനങ്ങൾക്കാണെന്ന വിവരം പഞ്ചായത്തിന്റെ കണ്ടിൻജന്റ് രജിസ്റ്ററിൽ നിന്നും ലഭിച്ചിട്ടില്ല. തുക ഒടുക്കു വിവരം താഴെപ്പറയുന്നു.

| വൗച്ചർ നം. | കൺസ്യൂമർ നം. | സ്ഥാപനത്തിന്റെ പേര് | ഒടുക്കിയ തുക (രൂപ) |
|---|---|---|---|
| 2150028 | 11275 | Small shop/bunk | 340 |
| " | 11276 | " | 91 |
| " | 11278 | " | 376 |
| " | 23598 | TRF:1.commercial prev,Rdg | 5000 |
| 21500034 | 1324 | Dept/office/institution | 2307 |
| " | 16849 | commercial | 1462 |
| " | 22395 | Small shop/bunk | 134 |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം നം. 3/ 9.11.16 ന് ലഭിച്ച മറുപടിയിൽ കൺസ്യൂമർ നം. 22395 പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഐ.സി.ഡി.പി. സബ് സെന്റർ എന്ന് മാത്രമേ സ്ഥിരീകരിക്കാൻ കഴിഞ്ഞിട്ടുള്ളൂ. ബാക്കിയുള്ള സ്ഥാപനങ്ങൾ ഫീൽഡ് വെരിഫിക്കേഷൻ കഴിഞ്ഞ് റിപ്പോർട്ട് നല്കാമെന്ന മറുപടിയാണ് സെക്രട്ടറി ലഭ്യമാക്കിയിട്ടുള്ളത്. കണ്ടിൻജന്റ് രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

## 3-12 ഗുണഭോക്തൃ വിഹിതമിനത്തിൽ അധികം പിരിച്ചെടുത്ത തുക തിരികെ നല്കിയില്ല.

കൃഷി ഓഫീസർ നടപ്പിലാക്കിയ വിവിധ പദ്ധതികൾക്കായി ഗുണഭോക്തൃ വിഹിതമിനത്തിൽ 2325/-രൂപ അധികം വന്നത് ഗുണഭോക്താക്കൾക്ക് തിരികെ നല്കിയിട്ടില്ല.

ഗുണഭോക്തൃ വിഹിതം ഈടാക്കിയതിന്റേയും ചെലവഴിച്ചതിന്റേയും വിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി | പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതം (രൂപ) | വിനിയോഗിച്ചത് (രൂപ) | ബാക്കി (രൂപ) |
|---|---|---|---|

| | | | |
|---|---|---|---|
| വാഴകൃഷി വികസനം | 40180 | 40180 | 0 |
| തെങ്ങ്കൃഷി വികസനം | 22250 | 20025 | 2225 |
| ഫലവൃക്ഷ വികസനം | 3150 | 3150 | 0 |
| ഇടവിളക്കൃഷി വികസനം | 15000 | 14900 | 100 |
| ആകെ | 80580 | 78255 | 2325 |

ഗുണഭോക്തൃ വിഹിതം അധികമായി ഈടാക്കിയതിന് വിശദീകരണമാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന്(നം.7/ 14.11.16 ) മറുപടിയായി തെങ്ങിൻ തൈയ്ക്ക് വകുപ്പ് നിശ്ചയിച്ചിരുന്ന വില 125/ - രൂപയായിരുന്നുവെന്നും 120/- രൂപയ്ക്ക് തൈ ലഭിച്ചതിനാൽ 25/- രൂപ വീതം ഓരോ ഗുണഭോക്താവിനും നല്കാനുണ്ടെന്നും, പഞ്ചായത്ത് ഓഫീസിൽ നിന്നും അകലെയുള്ള ഗുണഭോക്താക്കൾക്ക് ഇത് വാങ്ങുന്നതിനായി കൃഷി ഭവനിൽ എത്തുന്നതിന് അവർക്ക് ലഭിക്കുന്ന തുകയേക്കാൾ ചെലവ് വരുമെന്നും ആയതിനാലാണ് തുക നല്കാതിരുന്നതെന്നും, ഇടവിള കൃഷിയിൽ അധികം വന്ന 100/- രൂപയുൾപ്പെടെ 2325/- രൂപ പഞ്ചായത്തു ഫണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടെന്നും അറിയിച്ചു. പ്രസ്തുത തുക ഗുണഭോക്താക്കൾക്ക് തിരികെ നൽകേണ്ടതാണ്. ഗുണഭോക്തൃ വിഹിതം ആവശ്യത്തിന് മാത്രം പിരിച്ചെടുക്കുന്നതിനും, അധികമായി ഈടാക്കുന്ന തുക ആനുകൂല്യം വിതരണം ചെയ്യുന്ന സമയത്ത് തന്നെ തിരികെ നല്കുന്നതിനും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-13 ആശ്രയ പദ്ധതി

ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതിയിൽ അഗതി കുടുംബങ്ങൾക്ക് വേണ്ടി 2010 -16 വർഷങ്ങളിലേക്ക് രണ്ട് ഘട്ടമായി പദ്ധതി നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. ആശ്രയ പദ്ധതി ഒന്നാം ഘട്ടം 2010-2013 പ്രോജക്ട് ആരംഭിക്കുമ്പോൾ 46 ഗുണഭോക്താക്കൾക്കായി 55,95,000/- രൂപ വകയിരുത്തിയിട്ടുണ്ട്. (വികസന ഫണ്ട് - 32,80,000/ – രൂപ; തനത് ഫണ്ട് - 1,40,000/- രൂപ, കുടുംബശ്രീ ചലഞ്ച്ഫണ്ട് - 15,00,000/-രൂപ ; ബാങ്ക് ലോൺ - 6,75,000/-രൂപ ( 19.10.2016 ൽ ചലഞ്ച്ഫണ്ട് - 15,00,000/-രൂപ ചലഞ്ച് ഫണ്ട് ലഭിച്ചു. ചെക്ക് നം. 623743/19.10.16). ഒന്നാം ഘട്ടത്തിൽ 8 പേർക്ക് ഭൂമി വാങ്ങുന്നതിനായി 12,00,000/- രൂപയും (9 ഗുണഭോക്താക്കൾക്ക് ഇ.എം.എസ്, ഐ.എ.വൈ പദ്ധതികളിലൂടെ വീട് നല്കിയിട്ടുണ്ട്. ഭൂമി രജിസ്ട്രേഷനായി 21770/- രൂപയും വിദ്യാഭ്യാസത്തിനായി 31274/- രൂപയും, പോഷകാഹാരത്തിനായി 640520/- രൂപയും നല്കിയിട്ടുണ്ട്. നിലവിൽ 33 ഗുണഭോക്താക്കളുമായി പദ്ധതി തുടരുന്നു. ആശ്രയ രണ്ടാം ഘട്ടം 2013 -2016 ആരംഭിക്കുമ്പോൾ 100 ഗുണഭോക്താക്കളും, നിലവിൽ 96 ഗുണഭോക്താക്കളുമുണ്ട്. (വികസന ഫണ്ട് - 52,50,000/-രൂപ; തനത് ഫണ്ട് -

389200/- രൂപ, കുടുംബശ്രീ ചലഞ്ച്ഫണ്ട് - 10,00,000/- രൂപയും ഉൾപ്പെടെ 66,39,200/- രൂപ വകയിരുത്തിയിട്ടുണ്ട്). ( 22.11.2014 ൽ 3,33,333/- രൂപയും 13.10.2016 ൽ 3,33,333/- രൂപയും ചലഞ്ച് ഫണ്ട് ലഭിച്ചു) പോഷകാ- ഹാരത്തിനായി 640500/- രൂപ ചെലവഴിച്ചതല്ലാതെ രണ്ടാം ഘട്ടത്തിൽ കാര്യമായ പ്രവർത്തനങ്ങളൊന്നും നടപ്പിലാക്കിയില്ല. ആശ്രയ പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് പരമാവധി ആനുകൂല്യം ലഭ്യമാകത്തക്ക രീതിയിൽ സമയ ബന്ധിതമായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രതൃവലോകനവും

### 4-1 സംയുക്ത പ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | - | 22500 | നെൽകൃഷിവികസനം | 22500 | 0 |
| ജില്ലാ പ്ചായത്ത് | - | 37500 | നെൽകൃഷിവികസനം | 37500 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | - | 104300 | ഇടവിളകൃഷി | 0 | 104300 |
| ബ്ലോക്ക് പഞ്ചായത്ത് | - | 100000 | ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 100000 | 0 |
| ജില്ലാ പ്ചായത്ത് | - | 100000 | ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 100000 | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | - | 80910 | അംഗൻവാടികൾക്ക് ഗ്യാസ് കണക്ഷൻ | 80910 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | - | 300000 | പാലിയേറ്റീവ് കെയർ | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | - | 100000 | പൈപ്പ് കംപോസ്റ്റ് | 100000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക (രൂപ) | ചെലവഴിച്ച തുക (രൂപ) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | മറവൻകോട് മിച്ച ഭൂമി പൈപ്പ് ലൈൻ മാറ്റൽ | | 110000 | 110000 | 0 |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് | 522/2010 | 17053000 | 8881500 | 3552600 | - | 5328900 |

| | | | | | | | |
|---|---|---|---|---|---|---|---|
| ഹൌസിംഗ് | /എൽ.എസ്.ജി.<br>ഡി തീയതി.<br>17.02.2010 | | | | | | |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 0 |
| തൻവർഷം നിക്ഷേപിച്ച തുക | 1000 |
| ആകെ | 1000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 1000 |

## 4-6 ഓഡിറ്റ് റിക്കവറി

തൻവർഷം ഓഡിറ്റ് റിക്കവറിയിനത്തിൽ വരവില്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 42 (1)(2) | 2002-03 | | മരാമത്ത്പണികൾ - മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയ ശേഷം പണി ആരംഭിച്ചിട്ടില്ല - തുക തിരികെ ഇടാക്കാത്തത്. | വിവരം ലഭ്യമല്ല. |

## 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 48855521 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 61084622 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 9232 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2736906 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | | 9232 | ശ്രീമതി. സുനിതകുമാരി.എസ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ (4616 /-)<br>ശ്രീ. കെ. ജയകുമാർ അസിസ്റ്റന്റ് എൻജിനീയർ (4616 /-) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 29950 | ശ്രീ. ബിനുൻ വാഹിദ്, സെക്രട്ടറി |
| 3-4 | 117147 | ശ്രീ. ബിനുൻ വാഹിദ്, സെക്രട്ടറി |

| | | |
|---|---|---|
| 3-5 | 1361145 | ശ്രീമതി. ലളിതകുമാരി. ജി., ഹെഡ്മിസ്ട്രസ് |
| 3-6 | 5,00,000 | ശ്രീ. ബിനുൻ വാഹിദ്, സെക്രട്ടറി |
| 3-7 | 65000 | ശ്രീ.റ്റി . ജയചന്ദ്രൻ നായർ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-9 | 10000 | ശ്രീ. ബിനുൻ വാഹിദ്, സെക്രട്ടറി |
| 3-10 | 653664 | ശ്രീ. ബി.അജയകുമാർ, സെക്രട്ടറി |
| ആകെ | 2736906 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. സുനിതകുമാരി.എസ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, എൽ.എസ്.ജി.ഡി സബ്ഡിവിഷൻ, കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് | ഹൌസ് നം.26 പി.എസ്.നഗർ, വള്ളക്കടവ്. പി.ഒ തിരുവനന്തപുരം -8 |
| ശ്രീ. കെ. ജയകുമാർ അസിസ്റ്റന്റ് എൻജിനീയർ | ലഭ്യമല്ല | ജ്യോതിസ്, വെറ്റിലത്താഴം. ഡീസന്റ് ജംഗ്ഷൻ , കൊല്ലം |

## **4-9** <u>തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-199ൻ | എൽ.എഫ്.ക്യൂപി7. 1205/14/16.6.2014 | |
| 1997-98 | എൽ.എഫ്.ക്യൂപി7. 1205/14/16.6.2014 | |
| 1998-99 | എൽ.എഫ്.ക്യൂപി7. 1205/14/16.6.2014 | |
| 1999-2000 | എൽ.എഫ്.ക്യൂപി7. 1205/14/16.6.2014 | |
| 2000-2001 | എൽ.എഫ്.ക്യൂപി7. 1205/14/16.6.2014 | |
| 2001-02 | എൽ.എഫ്.ക്യൂപി7. 1205/14/16.6.2014 | |
| 2002-03 | എൽ.എഫ്.ക്യൂപി7. 1205/14/16.6.2014 | |
| 2003-04 | എൽ.എഫ്.ക്യൂപി7. 1205/14/16.6.2014 | |
| 2004-05 | എൽ.എഫ്.ക്യൂപി7. 1205/14/16.6.2014 | |
| 2005-06 | എൽ.എഫ്.ക്യൂപി7. 1205/14/16.6.2014 | |
| 2006-07 | എൽ.എഫ്.ക്യൂപി7. 1205(1)/14/16.6.2014 | |
| 2007-08 | എൽ.എഫ്.ക്യൂപി7. 1205(2)/14/16.6.2014 | |
| 2008-09 | എൽ.എഫ്.ക്യൂപി7. 1205(3)/14/16.6.2014 | |
| 2009-10 | എൽ.എഫ്.ക്യൂപി7. 1205(4)/14/16.6.2014 | |
| 2010-11 | എൽ.എഫ്.ക്യൂപി7. 1205/14/16.6.2014 | |
| 2011-12 | എൽ.എഫ്.ക്യൂപി7.1026/13/22.08.2013 | |
| 2012-13 | എൽ.എഫ്.ക്യൂപി7/870/15/04.07.2015 | |

| | | |
|---|---|---|
| 2013-14 | എൽ.എഫ്.ക്യുപി7/870/04.07.2015 | |
| 2014-15 | കെ.എസ്.എ.കെ.എൽ.എം-പി7/996/16/ 08-06-2016 | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

## **4-10**

ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ. കെ.എൽ.എം. പി 7-1849 / 16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

തീയതി.04.02.2017

1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ വെളിയം ഗ്രാമപഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വെളിയം ഗ്രാമപഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിച്ചിരിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
കൊല്ലം.